# *പുതിയ കുട്ടി*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

**വാർത്തവെട്ടി പടംപതിച്ച്**
**ജ്ഞാനശേഖരാൽബം**
**ഓർമ്മസ്സഹായ**
**അർത്ഥനാത്താളിൽ**
**മയിൽ കൺപീലി**
**അടയാളമാക്കും**
**വലിയ ബാല്യം.**

**വാക്കുവാർത്ത് ഉഴലുമർത്ഥം**
**നാനാർത്ഥനർത്ഥപ്രപഞ്ചം.**
**ദൃശ്യപ്രകൃതി**
**ആദ്യ ഷഡ്ജസ്വര**
**വള്ളിക്കളസ-**
**സ്സുരക്ഷതയിൽ**
**വലിയ വാല്യം.**

**സാന്ധ്യരാഗ ചിത്രക്കൂട്ടിൽ**
**അമ്പലപ്പുഴപ്പായസത്തിൽ**
**ചക്കിലാടും കിളി-**
**ക്കൊഞ്ചലുരുട്ടി**
**അനാവൃത ഗാത്ര-**
**ഗാഥയൂട്ടും മിഴി:**
**സംവത്സര ശിശു.**

**നീലരശ്മീ"മൗസു"ചലനം**
**"ടൈംസി"ലേട്ടിലെ പുല്ലു-**
**ത്തിന്നാ വിദ്യാ-**
**വാഹകപ്പശുവിനെ**
**"സ്ക്രീൻഡമ്പി"ലൊപ്പി**

“പെയിന്റി”ലറുത്ത്
“ഷോപ്പി”ൽ മിനുക്കി
“പവറി”ൻ കാണിക്ക
“വെബ്ബ്ഫോർമാറ്റി”ൽ
“ഫേസ്ബുക്ക്വോളി”-
ലിടിച്ചുകേറ്റും ഗൂഢവിനിമയ
അത്യുച്ചകോടി മരീചിക—
ദേശാടന വിസാചാപ്പതേടും
പൂർവ്വ സ്ഥലകാലഭ്രാന്തിമാൻ—
തീർത്ഥാടന തീർത്ഥ-
പാനോപാസനയ്ക്കു
അഭയാർത്ഥി സംഘസംഗമ
പുതുവർഷഘോഷത്തിൽ
ചാക്രികവസ്ത്രം മാറും
വലിയ ശിശുക്കൂട്ടം
റോസ് പരേഡിൽ
ദർശന നിറക്കൂട്ടിൽ
പ്രതീചിപ്പടി ചവുട്ടും
പ്രതിപ്രവർത്തന യന്ത്രം!
***********************************